(ഡി) ഉണ്ടെങ്കിൽ ഈ സംരംഭത്തിന് സർക്കാർ നൽകുന്ന സഹായസഹകരണങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഇല്ല.

(ബി) ചോദ്യം ഉദിക്കുന്നില്ല.

(സി) ഇല്ല.

(ഡി) ചോദ്യം ഉദിക്കുന്നില്ല.

സ്വജൽധാരാ പദ്ധതി പ്രകാരമുള്ള കുടിവെള്ള പദ്ധതികളുടെ നിർമ്മാണം

109 [5374] ശ്രീമതി മേഴ്സി രവി:
ശ്രീ. ഡി. സുഗതൻ:
,, തേറമ്പിൽ രാമകൃഷ്ണൻ:
,, എ. കെ. മണി:
,, സി. പി. മുഹമ്മദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്വജൽധാരാ പദ്ധതി പ്രകാരമുള്ള കുടിവെള്ള പദ്ധതികൾ ആവിഷ്കരിച്ച് എപ്രകാരമാണ് നടപ്പാക്കുന്നത്;

(ബി) നാളിതുവരെ എത്ര സൊസൈറ്റികളും മറ്റ് ഏജൻസികളും ഇതനുസരിച്ച് ഉള്ള പദ്ധതി തയ്യാറാക്കുന്നതിനുള്ള സഹായത്തിനായി വാട്ടർ അതോറിറ്റി ഓഫീസുകളെ സമീപിച്ചിട്ടുണ്ട്;

(സി) എത്ര സൊസൈറ്റികളും ഏജൻസികളും ബന്ധപ്പെട്ട പദ്ധതി ചെലവിന്റെ 10% തുക ബാങ്കിലടച്ചിട്ടുണ്ട്;

(ഡി) എത്ര സൊസൈറ്റികളും ഏജൻസികളും ഈ പദ്ധതി പ്രകാരം കുടിവെള്ള പദ്ധതികളുടെ നിർമ്മാണം ആരംഭിച്ചിട്ടുണ്ട്?

ഉത്തരം

(എ) ഗ്രാമീണ ജനതയ്ക്ക് വേണ്ടി അവർതന്നെ ആവിഷ്കരിച്ച് നടപ്പിലാക്കി പരിപാലിക്കുന്ന കുടിവെള്ള പദ്ധതിയാണ് സ്വജൽധാര. 90% കേന്ദ്ര സഹായമുള്ള ഈ പദ്ധതിക്ക് ഗ്രാമ/ബ്ലോക്ക് പഞ്ചായത്തുകൾക്കോ ചാരിറ്റ ബിൾ സൊസൈറ്റീസ് ആക്റ്റ് പ്രകാരം രജിസ്റ്റർ ചെയ്ത ഗുണഭോക്തൃസമിതികൾക്കോ അപേക്ഷ നൽകാവുന്നതാണ്. ഗുണഭോക്തൃ വിഹിതമായി സ്വരൂപിക്കേണ്ട 10% തുകയിൽ 5% പണമായി ഗുണഭോക്താക്കളിൽനിന്ന്

LIBRARY ARCHIVES Kerala Legislative Assembly

പിരിച്ചെടുക്കേണ്ടതും ബാക്കി 5% പദ്ധതിക്കാവശ്യമായ സന്നദ്ധസേവനമായോ ഭൂമിയായോ സംഭാവന ചെയ്യേണ്ടതുമാണ്. കേന്ദ്ര സർക്കാരിന്റെ ഇതുസംബന്ധിച്ച മാർഗ്ഗ നിർദ്ദേശപ്രകാരം തയ്യാറാക്കിയ അപേക്ഷകൾ ജില്ലാതല നിർവ്വഹണ ഏജൻസിയായി അതാത് ജില്ലയിൽ രൂപീകരിച്ചിട്ടുള്ള ഡിസ്ട്രിക്ട് വാട്ടർ ആന്റ് സാനിറ്റേഷൻ മിഷൻ എന്ന സൊസൈറ്റിക്ക് സമർപ്പിക്കേണ്ടതാണ്. ജില്ലാ കളക്ടർ ചെയർമാനും കേരള വാട്ടർ അതോറിറ്റി എക്സിക്യൂട്ടീവ് എഞ്ചിനീയർ മെമ്പർ സെക്രട്ടറിയുമായ ഈ സൊസൈറ്റിയിൽ ജില്ലയിലെ എം. പി.-മാർ, എം. എൽ. എ.-മാർ ത്രിതല പഞ്ചായത്തിന്റെ പ്രതിനിധികൾ എന്നിവർ മെമ്പർമാരാണ്. കേന്ദ്ര സർക്കാരിൽനിന്നും പണം ലഭ്യമാകുന്ന മുറയ്ക്ക് പൂർണ്ണമായ ജനപങ്കാളിത്തത്തോടെ രജിസ്റ്റർ ചെയ്ത ഗുണഭോക്തൃ സമിതിക്ക് പദ്ധതിയുടെ പ്രവർത്തനം നടത്താവുന്നതാണ്. സാങ്കേതിക സഹായം ജില്ലാതല നിർവ്വഹണ ഏജൻസിയിൽ നിന്ന് ലഭിക്കുന്നതാണ്. പദ്ധതി പൂർത്തിയാക്കിയാൽ ഭാവിയിലുള്ള സംരക്ഷണ-നടത്തിപ്പ് ചെലവുകൾ ഗുണഭോക്താക്കൾ തന്നെ വഹിക്കേണ്ടതാണ്.

(ബി) 196 എണ്ണം.

(സി) 149 എണ്ണം.

(ഡി) സ്വജൽധാരാ പദ്ധതി പ്രകാരം സംസ്ഥാനത്ത് നിന്ന് സമർപ്പിച്ച 120 സ്കീമുകൾക്ക് കേന്ദ്ര സർക്കാർ ഭരണാനുമതി നൽകിയിട്ടുണ്ട്. ഇതിനുള്ള ഫണ്ട് ലഭ്യമായിട്ടില്ല. ഫണ്ട് ലഭ്യമാകുന്ന മുറയ്ക്ക് പദ്ധതികളുടെ നിർമ്മാണം ആരംഭിക്കുന്നതാണ്.

കുടിവെള്ളമേഖലയിൽ സന്നദ്ധസംഘടനകളുടെ പ്രവർത്തനങ്ങൾ

110 [5375] ശ്രീ. എം. വി. ജയരാജൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജല വിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുടിവെള്ള മേഖലയിൽ സന്നദ്ധസംഘടനകൾ പ്രവർത്തിക്കുന്നുവെങ്കിൽ അവയുടെ പേര് വിവരം വെളിപ്പെടുത്തുമോ;

(ബി) ഈ സംഘടനകൾ ഏറ്റെടുത്ത് നടത്തുന്നതോ, അവരെ ഏൽപ്പിച്ചിട്ടുള്ളതോ ആയ പ്രവൃത്തികൾ ഏതൊക്കെയാണെന്ന് വ്യക്തമാക്കുമോ;

(സി) ഓരോ പദ്ധതികളുടേയും ഇനം തിരിച്ചുള്ള ചെലവുകൾ എത്രയാണെന്ന് വിശദമാക്കുമോ?

ഉത്തരം

(എ) കുടിവെള്ള മേഖലയിൽ കേരള റൂറൽ വാട്ടർ സപ്ലൈ ആന്റ് സാനിറ്റേഷൻ ഏജൻസി വഴി നടപ്പാക്കുന്ന ജലനിധി പദ്ധതിയിൽ സന്നദ്ധ സംഘടനകൾ പ്രവർത്തിക്കുന്നുണ്ട്. അവയുടെ പേരും അവർ പ്രവർത്തിക്കുന്ന പഞ്ചായത്തിന്റെ പേരും അനുബന്ധമായി ചേർത്തിരിക്കുന്നു.†

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly